TRACT No : SH - 7

# "ദേഹം മണ്ണാകും മുമ്പേ തേടിക്കൊൾക ദൈവകൃപ"

കൊല്ലം പട്ടണത്തിലെ ഒരു സഭാസെമിത്തേരിയുടെ കവാടത്തിൽ എഴുതിവച്ചിരിക്കുന്ന ഒരു പ്രസ്താവനയാണ് മേലുദ്ധരിച്ചിരിക്കുന്നത്. ദുഃഖാർത്തരായ ബന്ധുമിത്രാദികളുടെ അകമ്പടിയോടെ കുതിരവണ്ടിയിൽ മൃതദേഹം വലിച്ചുകൊണ്ട് ഈ സെമിത്തേരിയിൽ കൊണ്ടുവരുന്ന രംഗങ്ങൾ എന്റെ ബാല്യകാലത്തിൽ പേടിപ്പെടുത്തുന്ന ഓർമ്മകളായിരുന്നു. കാരണം മരണത്തെ ഞാൻ അത്രയധികം ഭയപ്പെട്ടിരുന്നു. എന്നാൽ ദൈവകൃപ അനുഭവിച്ച് രക്ഷിക്കപ്പെട്ട നാൾ മുതൽ "മരണം" എന്നത് ഒരു ഭയപ്പെടേണ്ടവിഷയമല്ല എന്ന് ബോദ്ധ്യമായി. വിശുദ്ധ ബൈബിളിൽ അപ്പൊസ്തലായ പൗലോസ് പറയുന്നതുപോലെ ഇന്നു എനിക്കു പറയുവാൻ കഴിയും: *"ഹേ മരണമേ, നിന്റെ ജയം എവിടെ?" "എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു."*(1.കൊരി.15:55/ഫിലി.1:21). എനിക്കു മരണത്തെ ഭയമില്ല. എന്നാൽ ഏറ്റവും ഭീതിയുള്ള വിഷയം അനേകർ ഈ ദൈവകൃപ അറിയാതെയും അനുഭവിക്കാതെയും നിത്യമരണത്തിലേക്കു ചെന്നെത്തുന്നു എന്നതാണ്.

**എന്താണ് ദൈവകൃപ ?** അർഹതയില്ലാതെ, ദൈവത്തിൽ നിന്ന് ലഭിക്കുന്ന ദാനമാണ് കൃപ.അതായത് മനുഷ്യൻ പാപിയായിരുന്നപ്പോൾ, ദൈവത്തെ സ്നേഹിക്കാതെയിരുന്നപ്പോൾ നിത്യമരണത്തിൽ നിന്ന് രക്ഷിപ്പാനായി ഒരുക്കിയ വഴിയാണ് ദൈവകൃപ. വിശുദ്ധ ബൈബിൾ പറയുന്നു: *"കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു"*(എഫെ.2:8). മരണത്തെ മനുഷ്യൻ ഭയപ്പെടുന്നു. കൊട്ടാരത്തിലും, കുടിലിലും, ശൈശവത്തിലും, കൗമാരത്തിലും, യൗവ്വനത്തിലും, വാർദ്ധക്യത്തിലും എവിടെയും ഏതു നിമിഷവും മരണം കടന്നുവരാം. ജനിച്ചാൽ മരിക്കും എന്നത് മാറ്റമില്ലാത്ത സത്യമാണ്. *"മനുഷ്യൻ തന്റെ ശാശ്വതഭവനത്തിലേക്കു പോകും... പൊടി പണ്ടു ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവു അതിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും"(സഭാ. 12:5-7)* മരണം ജീവിതത്തിന്റെ സമാപ്തിയല്ല, മറിച്ച് മറ്റൊരു ജീവിതത്തിലേക്കുള്ള പ്രവേശനമാണ്. മരണത്തെ ഇത്രമാത്രം പേടിക്കേണ്ടതുണ്ടോ? യേശുക്രിസ്തുവിൽ കൃപ കണ്ടെത്തിയവർ അഥവാ രക്ഷിക്കപ്പെട്ടവർ മരണത്തെ ഭയപ്പെടേണ്ട കാര്യമില്ല. യേശുക്രിസ്തു പറയുന്നു: *"എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; ജീവിച്ചിരുന്നു എന്നിൽ വിശ്വസക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല"*(യോഹ.11:25,26). ഇവിടെ ശരീരസംബന്ധമായ മരണത്തെപ്പറ്റിയല്ല പറയുന്നത്. മറിച്ച് യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ ആത്മാവ് ഒരിക്കലും മരിക്കയില്ല; അവർ ദൈവത്തോടൊപ്പമായിരിക്കും എന്ന് സാരം.

വിശുദ്ധ ബൈബിളിൽ മരണാനന്തര ജീവിതത്തെക്കുറിച്ച് (ലൂക്കൊ.16:19-31) രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക: ദൈവകൃപ അന്വേഷിക്കാത്ത ഒരു ധനവാനായ മനുഷ്യൻ ഉണ്ടായിരുന്നു. അവന്റെ പടിപ്പുരയ്ക്കൽ വ്രണം നിറഞ്ഞവനായി ലാസർ എന്നു പേരുള്ള ഒരു ദരിദ്രൻ പാർത്തിരുന്നു. ധനവാന്റെ മേശയിൽ നിന്നു വീഴുന്നത് തിന്ന് വിശപ്പടക്കുവാൻ അവൻ ആഗ്രഹിച്ചു. ദരിദ്രനെങ്കിലും അവൻ ദൈവകൃപ നേടിയവനായിരുന്നു. ഇരുവരും മരിച്ചു. മരണാനന്തരം ലാസർ ദൈവസന്നിധിയിലും ധനവാൻ പാതാളത്തിൽ യാതനാസ്ഥലത്തും എത്തിച്ചേർന്നു. യാതനാസ്ഥലത്ത് ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്ന ധനവാൻ ദൈവസന്നിധിയിൽ ഇരിക്കുന്ന ലാസറിനെ കണ്ടിട്ട്, ലാസറിന്റെ വിരലിന്റെ അഗ്രം വെള്ളത്തിൽ മുക്കി തന്റെ നാവിനെ തണുപ്പിക്കേണ്ടതിന് അവനെ അയക്കേണമേ എന്നു അപേക്ഷിക്കുന്നു.

[മറുപുറം]

അതിന് സാദ്ധ്യമല്ല എന്നു ഉത്തരം ലഭിച്ചപ്പോൾ ദൈവകൃപയ്ക്കായി മറ്റൊരു അപേക്ഷ—തനിക്കു ഭൂമിയിൽ അഞ്ചു സഹോദരന്മാരുണ്ട്; അവരോടു തന്റെ സ്ഥിതി പറയുവാനും അവർ മാനസാന്തരപ്പെടുവാനുമായി സുവിശേഷം അറിയിക്കുവാൻ ലാസറിനെ അയക്കേണം. അതിന് ലഭിച്ച മറുപടി : അവിടെ ദൈവത്തിന്റെ ദാസന്മാരുണ്ട്; അവരുടെ വാക്ക് കേൾക്കട്ടെ എന്നായിരുന്നു. ഈ ദൃഷ്ടാന്തത്തിലൂടെ മനസ്സിലാക്കാവുന്നത് —>(1) മരണാനന്തരം കാണുവാനും, കേൾക്കുവാനും, സംസാരിക്കുവാനും, തിരിച്ചറിയുവാനും, ഓർക്കുവാനും, സുഖദുഃഖങ്ങൾ അനുഭവിക്കുവാനും കഴിയുമെന്നതാണ്. —>(2) ദൈവകൃപ നേടിയ ലാസറിന്റെ പേർ ഇവിടെ പറഞ്ഞിട്ടുണ്ട്. ധനവാൻ ദൈവകൃപ നേടിയിട്ടില്ലാത്തതിനാൽ പേര് പറഞ്ഞിട്ടില്ല, അവന്റെ പേര് ജീവപുസ്തകത്തിൽ ഇല്ലായിരുന്നു എന്നു ഗ്രഹിക്കാം. അതായതു പാപികളുടെ പേരു ജീവപുസ്തകത്തിൽ എഴുതപ്പെടുന്നില്ല. —>(3) ജീവിച്ചിരിക്കുമ്പോൾതന്നെ ദൈവകൃപ തേടിയില്ലെങ്കിൽ മരണശേഷം അത് ലഭിക്കുകയില്ല. മരിച്ചുകഴിഞ്ഞാൽ ശുദ്ധീകരണസ്ഥലമുണ്ടെന്നും ഭൂമിയിലുള്ള ബന്ധുക്കൾ ചെയ്യുന്ന കൂദാശ, കുർബാന, ശേഷക്രിയ എന്നിവയാൽ ആത്മാവിനെ സ്വർഗ്ഗത്തിലെത്തിക്കാം എന്നുമുള്ള ധാരണയ്ക്ക് ബൈബിൾ പ്രകാരം അടിസ്ഥാനമില്ല.

മരണം നിശ്ചയവും സമയം അനിശ്ചിതവുമാണ്. *"ഏതു മനുഷ്യനും ഉറെച്ചുനിന്നാലും ഒരു ശ്വാസമത്രേ" "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു"*. എങ്ങനെ ഈ നിത്യമരണത്തിൽ നിന്നും, ന്യായവിധിയിൽ നിന്നും വിടുതൽ നേടാം? **താങ്കൾ ഈ നിമിഷം മരിച്ചാൽ എവിടെ ചെല്ലും?** യേശുക്രിസ്തുവിനോടുകൂടെ സ്വർഗ്ഗസന്തോഷത്തിലായിരിക്കുമോ? അതോ പിശാചിനോടൊപ്പം തീപ്പൊയ്കയിൽ യാതനാസ്ഥലത്തായിരിക്കുമോ? *"ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും" (വെളിപ്പാട്. 20:15)* എന്ന് ബൈബിൾ പറയുന്നു. അതുകൊണ്ട് ദേഹം മണ്ണാകും മുമ്പേ ഈ ദൈവകൃപ ആവശ്യമെങ്കിൽ ഇപ്രകാരം വിശ്വാസത്തോടെ പ്രാർത്ഥിക്കുക: *"യേശുകർത്താവേ, ഞാൻ ഒരു പാപിയാണ്. അങ്ങ് എന്റെ പാപങ്ങൾ മോചിക്കുവാനായി ലോകത്തിൽ വന്നു,ക്രൂശിൽ മരിച്ചു, അടക്കപ്പെട്ടു, മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു, ഇന്നും ജീവിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ പാപങ്ങൾ ക്ഷമിക്കേണമേ. അങ്ങയെ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നു. ശിഷ്ടജീവിതം അങ്ങയിൽ മാത്രം ആശ്രയിച്ചു തുടരുവാനായി തീരുമാനിക്കുന്നു."*

പ്രിയ മിത്രമേ, ഈ പ്രാർത്ഥന വിശ്വാസത്തോടെ ദൈവത്തോടു പ്രാർത്ഥിച്ചു എങ്കിൽ താങ്കൾക്ക് ദൈവകൃപയും, നിത്യമരണത്തിൽ നിന്ന് വിടുതലും, നിത്യജീവനും ലഭിച്ചിരിക്കുന്നു. ദൈവം താങ്കളെ സമൃദ്ധിയായി അനുഗ്രഹിക്കുമാറാകട്ടെ.

*യേശുക്രിസ്തുവിൽ കൂടിയുള്ള രക്ഷയെക്കുറിച്ച് കൂടുതൽ അറിയുവാനും സുവിശേഷപുസ്തകങ്ങൾ, ബൈബിൾ (പുതിയനിയമം) എന്നിവ സൗജന്യമായി ലഭിക്കുന്നതിനും, താങ്കൾക്കായി പ്രാർത്ഥിക്കുന്നതിനും ദയവായി താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെട്ടാലും.*

Samson Henry
Zion, Aradhana Nagar - 22
Behind Sanker's Hospital,
Kollam - 691 001

*(സാംസൺ ഹെൻറി, സീയോൻ, ആരാധന നഗർ -22, കൊല്ലം - 691 001)*

Phone: 0474-2741115, E-mail: biblegoodnews@gmail.com
Web: biblegoodnews.com